# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*257** **19.02.2016 ൽ മറുപടിക്ക്**

## റോഡുകളുടെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.യു. കുരുവിള<br>,, മോൻസ് ജോസഫ് | ശ്രീ വി കെ ഇബ്രാഹീം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| എ) റോഡുകളുടെ നവീകരണത്തിൽ സംസ്ഥാനം സർവ്വകാല റെക്കോർഡ് ഭേദിച്ച് നേട്ടങ്ങൾ കൈവരിച്ചതിന്റെ വിശദാംശം ലഭ്യമാക്കുമോ; | എ) സംസ്ഥാനത്തെ ആകെയുള്ള ദേശീയപാതകൾ 1781.57 കി.മീ. കഴിഞ്ഞ 5 വർഷങ്ങൾക്കുള്ളിൽ കേന്ദ്ര സർക്കാരിന്റെ ഐ.ആർ.ക്യു.പി. - പി. ആർ പദ്ധതികളിൽപ്പെടുത്തി റീസർഫസിംഗ് നടത്തി സഞ്ചാരയോഗ്യമാക്കി നിലനിർത്തുവാൻ കഴിഞ്ഞിട്ടുണ്ട് ഭരണിക്കാവിൽ നിന്നും തുടങ്ങി പത്തനംതിട്ട വഴി വണ്ടിപ്പെരിയാറിലേക്കുള്ള പുതിയ '183 എ' യും, അടിമാലിയിൽ തുടങ്ങി ചെറുതോണി പൈനാവ് വഴി കുമിളിയിലേക്കുള്ള എൻ.എച്ച് 185 ഉം പുതിയ ദേശീയപാതകളായി പ്രഖ്യാപിച്ച് ഇതിന്റെ വികസന പ്രവർത്തികൾക്ക് തുടക്കം കുറിക്കുവാൻ കഴിഞ്ഞു. ദേശീയപാതാ വികസന പ്രവർത്തനങ്ങളിൽ നിന്നും വേർപ്പെടുത്തിയിരുന്ന എൻ.എച്ച് 49, എൻ.എച്ച് 208, എൻ.എച്ച് 212. എൻ.എച്ച് 213, എൻ.എച്ച് 220 എന്നീ അഞ്ചു ദേശീയപാതകൾ കേന്ദ്ര സർക്കാരിന്റെ വാർഷികപദ്ധതിയിലുൾപ്പെടുത്തി ഘട്ടം ഘട്ടമായി പേവ്ഡ് ഷോൾഡറോടു കൂടിയ 2 വരിപ്പാതയായി വികസിപ്പിക്കുന്നതിന് കേന്ദ്ര അംഗീകാരം നേടിയെടുത്ത് പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട് സംസ്ഥാന ചരിത്രത്തിലാദ്യമായി ഒരു ദേശീയപാത ബൈപ്പാസിന്റെ നിർമ്മാണം സംസ്ഥാന സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിക്കുവാൻ കഴിഞ്ഞു. (കോഴിക്കോട് ബൈപ്പാസിന്റെ 5.1 കി.മീ. ദൂരം) രാജ്യത്ത് തന്നെ ആദ്യമായി ബൈപ്പാസുകൾ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തികൾ ആരംഭിക്കുവാൻ കഴിഞ്ഞു. (കൊല്ലം, ആലപ്പുഴ ബൈപ്പാസുകൾ). തിരുവനന്തപുരം നഗരവാസികളുടെ ചിരകാല സ്വപ്നമായിരുന്ന കരമന-കളിയിക്കാവിള ദേശീയപാത 47 ന്റെ വീതികൂട്ടൽ ഈ സർക്കാർ സ്ഥലമേറ്റെടുത്ത് കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള 5.5 കി.മീ. ദൂരം 4 വരിപ്പാതയാക്കി പൂർത്തീകരിക്കുകയും ബാക്കിയുള്ളവയുടെ സ്ഥലമേറ്റെടുപ്പ് നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു ദേശീയപാത- |

യിലെ മറ്റ് ബൈപ്പാസുകളായ തലശ്ശേരി, മാഹി, മൂവാറ്റുപുഴ, കോതമംഗലം, കോഴിക്കോട് ബൈപ്പാസ് നാലുവരിപ്പാതയാക്കൽ എന്നിവയ്ക്കായുള്ള അംഗീകാരം കേന്ദ്രത്തിൽ നിന്ന് നേടിയെടുക്കുകയും ഇതിനുള്ള ഡി.പി.ആർ തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട് സ്ഥലമേറ്റെടുത്ത് വർഷങ്ങളായി നിർമ്മാണം മുടങ്ങിക്കിടന്ന കുറ്റിപ്പുറം മുതൽ പുതുപൊന്നാനി വരെയുള്ള 6 കി.മീ. ദൂരം സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി പുതിയ റോഡ് നിർമ്മിച്ചു. എൻ.എച്ച്.എ.ഐ യുടെ കൈവശമായിരുന്ന വാളയാർ-മണ്ണുത്തി ദേശീയപാതാ 47 പൊട്ടിപൊളിഞ്ഞ സാഹചര്യത്തിൽ പൊതുജന താൽപര്യം കണക്കിലെടുത്ത് ഈ സർക്കാർ 25 കോടി ചെലവഴിച്ച് ഗതാഗത യോഗ്യമാക്കി തീർത്തിട്ടുണ്ട് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദേശീയപാതകൾക്കു പുറമേ 523.75 കി.മീ. സംസ്ഥാന-ജില്ലാ റോഡുകൾ ദേശീയപാതാ നിലവാരത്തിൽ സി.ആർ.എഫ് ഫണ്ട് ഉപയോഗിച്ച് വികസിപ്പിക്കുവാൻ സാധിച്ചു.

ഈ സർക്കാരിന്റെ ഭരണകാലത്ത് നിരത്തുവിഭാഗത്തിൻ കീഴിൽ 11,777 കി. മീ. റോഡുകൾ നവീകരിച്ചു.

കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട സ്റ്റേറ്റ് ഹൈവേകളുടെയും മേജർ ഡിസ്ട്രിക്റ്റ് റോഡുകളുടെയും സമഗ്ര വികസന ത്തിനായി രൂപം കൊടുത്ത സംസ്ഥാന റോഡുവികസന പദ്ധതി (SRIP) യിൽ ഉൾപ്പെടുത്തി 83 കി.മീ നീളം വരുന്ന 4 റോഡുകൾ ദേശീയ നിലവാരത്തിൽ പുതുക്കി പ്പണി യുന്നതിന് പി.പി.പി/ആന്വിറ്റി രീതിയിൽ നിർമ്മാണ കാലാവധിക്കു ശേഷം 13 വർഷം പരിപാലിക്കുന്നതിനുള്ള വ്യവസ്ഥയോടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി കൺസഷൻ എഗ്രിമെന്റ് വെച്ചിട്ടുണ്ട്

| | |
|---|---|
| ബി) സംസ്ഥാനത്തെ മുഴുവൻ റോഡുകളും ബി എം ആൻറ് ബി.സി ചെയ്ത് സഞ്ചാരയോഗ്യമാക്കുന്നതിന് പ്രത്യേക കർമ്മ പദ്ധതി നടപ്പാക്കുമോ; | ബി) നിലവിൽ ദേശീയപാതകളെല്ലാം തന്നെ ബി.എം. & ബി.സി ഉപയോഗിച്ച് ഉപരിതലം ബലപ്പെടുത്തിയിട്ടുള്ളതാണ്. പുതുതായി പ്രഖ്യാപിച്ച എൻ.എച്ച് 183എ യും, 185 ഉം കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന ബി.എം. ആന്റ് ബി.സി ഉപയോഗിച്ച് ബലപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ബി.എം. & ബി.സി. ഉപയോഗിച്ച് ഏകദേശം 3840 കി.മി. സംസ്ഥാന റോഡുകളുടെ ഉപരിതലം പുതുക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ബാക്കിയുള്ള |

| | | | |
|---|---|---|---|
| | | | റോഡുകൾ ഉപരിതലം പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) | സംസ്ഥാനത്തിന് ആവശ്യമുള്ള പുതിയ റോഡുകൾ യുദ്ധകാലാടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ? | സി) | നിലവിലെ ദേശീയപാതകളായ എൻ.എച്ച് 17 ന്റെയും എൻ.എച്ച് 47ന്റെയും തലപ്പാടി മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗം സംസ്ഥാന സർക്കാരിന്റെ പൂർണ്ണ സഹകരണത്തോടെ 45 മീ. റൈറ്റ് ഓഫ് വേയിൽ സ്ഥലമെടുത്ത് നാലു വരിപ്പാതയായി വികസിപ്പിക്കുന്നതിന് എൻ.എച്ച്.എ.ഐ പുതിയ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ എടുത്തു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ